**മധുരമായ കുട്ടികളേ - നിങ്ങൾ തന്റെ സമയത്തെ വ്യർത്ഥമാക്കരുത്, ഉള്ളിൽ ജ്ഞാനത്തെ സ്മരിച്ചുകൊണ്ടിരിക്കൂ എങ്കിൽ ഉറക്കത്തെ ജയിച്ചവരായി മാറും, കോട്ടുവായ് വരില്ല.**

**ചോദ്യം-** നിങ്ങൾ കുട്ടികൾ എന്തുകൊണ്ടാണ് ബാബയിൽ സമർപ്പണമായിരിക്കുന്നത്? സമർപ്പണമാകുന്നതിന്റെ അർത്ഥമെന്താണ്?
**ഉത്തരം-** സമർപ്പണമാവുക അർത്ഥം ബാബയുടെ ഓർമ്മയിൽ മുഴുകുക. എപ്പോൾ ഓർമ്മയിൽ മുഴുകുന്നുവോ അപ്പോൾ ആത്മാവാകുന്ന ബാറ്ററി ചാർജ്ജാകുന്നു. ആത്മാവാകുന്ന ബാറ്ററിയെ നിരാകാരനായ ബാബയുമായി ബന്ധിപ്പിക്കുമ്പോൾ ബാറ്ററി ചാർജ്ജാകുന്നു, വികർമ്മം നശിക്കുന്നു. സമ്പാദ്യത്തിന്റെ ശേഖരണം ഉണ്ടാകുന്നു.

**ഓംശാന്തി.** ആത്മീയ അച്ഛൻ ആത്മീയ കുട്ടികൾക്ക് മനസ്സിലാക്കിത്തരുന്നു. ഇപ്പോൾ ഇവിടെ നിങ്ങൾ ശരീരത്തോടൊപ്പമാണ് ഇരിക്കുന്നത്. അറിയാം മൃത്യു ലോകത്തിൽ ഇത് അന്തിമശരീരമാണ്. പിന്നീട് എന്ത് സംഭവിക്കുന്നു? പിന്നീട് ബാബയോടൊപ്പം ശാന്തിധാമത്തിലേക്ക് ഒരുമിച്ച് പോകുന്നു. ഈ ശരീരമുണ്ടാകില്ല പിന്നീട് സ്വർഗ്ഗത്തിൽ നമ്പർവൈസ് പുരുഷാർത്ഥം അനുസരിച്ച് വരുന്നു, എല്ലാവരും ഒരുമിച്ച് വരുന്നില്ല. ഇപ്പോൾ രാജധാനിയുടെ സ്ഥാപന നടന്നുകൊണ്ടിരിക്കുകയാണ്. എങ്ങനെയാണോ ബാബ ശാന്തിയുടേയും സുഖത്തിന്റേയും സാഗരൻ അതേപോലെ കുട്ടികളേയും ശാന്തിയുടേയും സുഖത്തിന്റേയും സാഗരനാക്കി മാറ്റിക്കൊണ്ടിരിക്കുകയാണ്. പിന്നീട് ശാന്തിധാമത്തിലേക്ക് പോയി അവിടെ പ്രശോഭിക്കണം. അതിനാൽ ബാബയേയും, വീടിനേയും, സുഖധാമത്തേയും ഓർമ്മിക്കണം. ഇവിടെ നിങ്ങൾ എത്രത്തോളം ഈയൊരു അവസ്ഥയിൽ ഇരിക്കുന്നുവോ നിങ്ങളുടെ ജന്മജന്മാന്തരത്തിലെ പാപം ഭസ്മമാകുന്നു, ഇതിനെയാണ് യോഗാഗ്നി എന്നു പറയുന്നത്. സന്യാസിമാർ സർവ്വശക്തനുമായി യോഗം വെയ്ക്കുന്നില്ല അവർ വസിക്കുന്ന സ്ഥാനമായ ബ്രഹ്മതത്വവുമായാണ് യോഗം വെയ്ക്കുന്നത്. അവർ തത്വയോഗികളാണ്, ബ്രഹ്മം അഥവാ തത്വവുമായി യോഗം വെയ്ക്കുന്നവർ. ഇവിടെ ജീവാത്മാക്കളുടെ കളിയാണ് നടക്കുന്നത്, അവിടെ ശാന്തിധാമത്തിൽ കേവലം ആത്മാക്കളാണ് വസിക്കുന്നത്. ആ മധുരമായ വീട്ടിലേക്ക് പോകുന്നതിനു വേണ്ടി മുഴുവൻ ലോകത്തിലുള്ളവരും പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുന്നു. സന്യാസിമാരും പറയാറുണ്ട് നമ്മൾ ബ്രഹ്മത്തിൽ പോയി ലയിക്കുമെന്ന് അല്ലാതെ ബ്രഹ്മത്തിൽ പോയി വസിക്കുമെന്ന് പറയില്ല. ഇത് നിങ്ങൾ കുട്ടികൾക്ക് ഇപ്പോഴാണ് മനസ്സിലായത്. ഭക്തിമാർഗ്ഗത്തിൽ എത്ര കഥകളാണ് കേട്ടുകൊണ്ടിരുന്നത് ഇവിടെ ബാബ വന്ന് കേവലം രണ്ടക്ഷരമാണ് മനസ്സിലാക്കിത്തരുന്നത്. ചിലർ മന്ത്രങ്ങൾ ജപിക്കാറുണ്ട്, ചിലർ ഗുരുവിനെ ഓർമ്മിക്കാറുണ്ട്, ചിലർ മറ്റു പലരേയും ഓർമ്മിക്കുന്നു. വിദ്യാർത്ഥി ടീച്ചറെ ഓർമ്മിക്കുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് കേവലം ബാബയേയും വീടിനേയും ഓർമ്മിക്കണം. ബാബയിൽ നിന്നും നിങ്ങൾ ശാന്തിധാമത്തിന്റേയും സുഖധാമത്തിന്റേയും സമ്പത്ത് നേടുന്നു. അതുതന്നെ ഹൃദയത്തിൽ ഓർമ്മയുണ്ടായിരിക്കണം. വായിലൂടെ ഒന്നും തന്നെ പറയേണ്ടതില്ല. ബുദ്ധികൊണ്ട് നിങ്ങൾക്കറിയാം ശാന്തിധാമത്തിനു ശേഷം സുഖധാമമാണ് വരുന്നതെന്ന്. നമ്മൾ ആദ്യം മുക്തിയിലേക്കും പിന്നീട് ജീവൻമുക്തിയിലേക്കും പോകുന്നു. മുക്തി-ജീവൻമുക്തിദാതാവ് ഒരേയൊരു ബാബയാണ്. ബാബ കുട്ടികൾക്ക് അടിക്കടി മനസ്സിലാക്കിത്തരുന്നു- സമയം നഷ്ടപ്പെടുത്തരുത്. ജന്മജന്മാന്തരത്തിലെ പാപങ്ങളുടെ ഭാരം ശിരസ്സിലുണ്ട്. ഈ ജന്മത്തിന്റെ പാപങ്ങളെല്ലാം സ്മൃതിയിലുണ്ടാകും. സത്യയുഗത്തിൽ ഇങ്ങനെയുള്ള കാര്യങ്ങൾ ഉണ്ടാകുന്നില്ല. ഇവിടെ കുട്ടികൾക്കറിയാം ജന്മജന്മാന്തരത്തിലെ പാപത്തിന്റെ ഭാരമാണെന്ന്. നമ്പർവണ്ണാണ് ജന്മജന്മാന്തരമായി ചെയ്തു വന്ന കാമവികാരത്തിലൂടെയുള്ള വികർമ്മം. ബാബയുടെ നിന്ദയും ധാരാളം ചെയ്തിട്ടുണ്ട്. സർവ്വർക്കും സദ്ഗതി നൽകുന്ന ബാബയെ, എത്രത്തോളം നിന്ദിച്ചു. ഇതെല്ലാം തന്നെ ശ്രദ്ധയിൽ വെക്കണം. ഇപ്പോൾ എത്ര കഴിയുന്നുവോ ബാബയെ ഓർമ്മിക്കാനുള്ള പുരുഷാർത്ഥം ചെയ്യണം. വാസ്തവത്തിൽ ആഹാ സദ്ഗുരു എന്നാണ് പറയാറുള്ളത്, ഗുരു എന്നുപോലുമല്ല. ആഹാ ഗുരു എന്നതിന് അർത്ഥമൊന്നുമില്ല. ആഹാ സദ്ഗുരു! മുക്തി-ജീവന്മുക്തി അവർക്കു മാത്രമേ നൽകാൻ സാധിക്കൂ. മറ്റുള്ള ഗുരുക്കന്മാർ ധാരാളമുണ്ട്. ഇവിടെ ഒരേയൊരു സദ്ഗുരുവാണ്. നിങ്ങൾ കുട്ടികൾ ധാരാളം ഗുരുക്കന്മാരെ സമീപിച്ചിട്ടുണ്ട്. ഓരോ ജന്മത്തിലും ചിലർ 2-4 ഗുരുക്കന്മാരെ സ്വീകരിക്കുന്നു. ഗുരുക്കന്മാരെ സ്വീകരിച്ചതിനു ശേഷം പിന്നീട് മറ്റുള്ള സ്ഥലങ്ങളിലേക്ക് പോകുന്നു. ഒരുപക്ഷെ ഇവിടെ നിന്നെങ്കിലും നല്ല മാർഗ്ഗം ലഭിക്കും, ഓരോരോ ഗുരുക്കന്മാരെ സമീപിച്ചുകൊണ്ടിരിക്കുന്നു. പക്ഷേ ആരെയും തന്നെ ലഭിക്കുന്നില്ല. ഇപ്പോൾ നിങ്ങൾ കുട്ടികൾക്കറിയാം ഇവിടെ നമുക്ക് വസിക്കേണ്ടതില്ല. എല്ലാവർക്കും ശാന്തിധാമത്തിലേക്ക് പോകണം. ബാബ നിങ്ങ

ളുടെ ക്ഷണം സ്വീകരിച്ചാണ് എത്തിച്ചേർന്നിട്ടുള്ളത്. നിങ്ങൾക്ക് സ്മൃതിയുണർത്തുകയാണ്, നിങ്ങൾ എന്നോട് പറഞ്ഞിരുന്നു, വരൂ വന്ന് ഞങ്ങൾ പതിതരെ പാവനമാക്കി മാറ്റൂ എന്ന്. പാവനമായുള്ളത് ശാന്തി ധാമവുമാണ് സുഖധാമവുമാണ്. ഞങ്ങളെ വീട്ടിലേക്കു കൊണ്ടുപോകൂ എന്നു പറഞ്ഞ് വിളിക്കുന്നു. വീട് എല്ലാവർക്കും ഓർമ്മയിലുണ്ടാകുന്നു. ആത്മാവ് ഉടൻ പറയും ഞങ്ങളുടെ വാസസ്ഥാനം പരംധാമമാണെന്ന്. പരമപിതാവായ പരമാത്മാവും പരംധാമത്തിലാണ് വസിക്കുന്നത്, നമ്മളും പരംധാമത്തിലാണ് വസിക്കുന്നത്.

ഇപ്പോൾ ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട് നിങ്ങളുടെ മേൽ ബൃഹസ്പതിയുടെ ദശയാണ്. ഇത് പരിധിയില്ലാത്ത കാര്യമാണ്, പരിധിയില്ലാത്ത ദശ എല്ലാവരിലും ഉണ്ട്. ചക്രം കറങ്ങിക്കൊണ്ടിരിക്കുന്നുണ്ട്. നമ്മൾ തന്നെയാണ് സുഖത്തിൽ നിന്നും ദുഖത്തിലേക്കും പിന്നീട് ദുഖത്തിൽ നിന്നും സുഖത്തിലേക്കും വരുന്നത്. ശാന്തിധാമം, സുഖധാമം പിന്നീടാണ് ഈ ദുഖധാമം ഇതും നിങ്ങൾ കുട്ടികൾ ഇപ്പോഴാണ് മനസ്സിലാക്കുന്നത്, മനുഷ്യരുടെ ബുദ്ധിയിൽ ഇരിക്കില്ല. ഇപ്പോൾ ബാബ ജീവിച്ചിരിക്കെ മരിക്കാൻ പഠിപ്പിക്കുകയാണ്. ഈയാമ്പാറ്റകൾ ദീപത്തിനുമേൽ ആഹൂതി ചെയ്യപ്പെടുന്നു. ചിലർ അതിനുമേൽ ഇഷ്ടം തോന്നി വീണു മരിക്കുന്നു, സമർപ്പണമായിത്തീരുന്നു. ചിലർ വട്ടം കറങ്ങിയശേഷം തിരിച്ചു പോകുന്നു. ഇതും ബാറ്ററിയല്ലേ, എല്ലാവരുടെയും ബുദ്ധിയോഗം ഒരേയൊരു ബാബയുമായാണ്. നിരാകാരനായ ബാബയുമായി ബാറ്ററി ബന്ധിപ്പിച്ചിരിക്കുകയാണ്. ഈ ആത്മാവ് വളരെ സമീപത്തായതുകൊണ്ട് വളരെ സഹജമായിരിക്കും. ബാബയെ ഓർമ്മിക്കുന്നതിലൂടെ നിങ്ങളുടെ ബാറ്ററി ചാർജ്ജ് ആകുന്നു. നിങ്ങൾ കുട്ടികൾക്ക് കുറച്ച് ബുദ്ധിമുട്ടുണ്ടാകുന്നു, ഇദ്ദേഹത്തിന് സഹജമാണ്. എന്നാലും എത്രത്തോളം നിങ്ങൾ കുട്ടികൾ പുരുഷാർത്ഥം ചെയ്യുന്നുവോ അത്രയ്ക്കും ഇവർക്കും പുരുഷാർത്ഥം ചെയ്യേണ്ടതായുണ്ട്. ബ്രഹ്മാബാബ എത്രത്തോളം സമീപത്താണോ അത്രയ്ക്കും കൂടുതൽ ഉത്തരവാദിത്തത്തിന്റെ ഭാരവുമുണ്ട്. മഹിമയുണ്ട് ആരുടെ ശിരസ്സിലാണ് ഉത്തരവാദിത്തങ്ങളുള്ളത്........ ഇവരുടെ മേൽ വളരെയധികം ഉത്തരവാദിത്തമില്ലേ. ബാബ സമ്പൂർണ്ണമാണ്, ഇവർക്ക് സമ്പൂർണ്ണമാകേണ്ടതായുണ്ട്, ഇവർക്ക് എല്ലാവരെയും സംരക്ഷിക്കേണ്ടതായുണ്ട്. രണ്ടു പേരും ഒരുമിച്ചാണെങ്കിലും ചിന്തയുണ്ടാകുമല്ലോ. പെൺകുട്ടികളുടെ മേൽ ഒരുപാട് ഉപദ്രവങ്ങളുണ്ടാകുമ്പോൾ ദുഖമുണ്ടാകുന്നു. കർമ്മാതീത അവസ്ഥ അവസാനസമയത്തു മാത്രമേ ഉണ്ടാകൂ. അതുവരെയുക്കും ചിന്തയുണ്ടാവുക തന്നെ ചെയ്യും. പെൺകുട്ടികളുടെ കത്ത് വന്നില്ലെങ്കിലും ചിന്തയുണ്ടാകുന്നു– അസുഖമൊന്നുമില്ലല്ലോ? സേവനത്തിന്റെ വർത്തമാനങ്ങൾ വരുകയാണെങ്കിൽ ബാബ തീർച്ചയായും അവരെ ഓർമ്മിക്കുന്നു. ബാബ ഈ ശരീരത്തിലൂടെ സേവനം ചെയ്യുന്നു. ഇടയ്ക്ക് മുരളി കുറച്ചേ പറയൂ, 2–4 ദിവസം മുരളി വന്നില്ലെങ്കിലും നിങ്ങളുടെ പക്കൽ പോയിന്റുകൾ ഉണ്ടല്ലോ. നിങ്ങൾക്കും അവനവന്റെ ഡയറി നോക്കേണ്ടതായുണ്ട്. ബാഡ്ജിനുമേലും നിങ്ങൾക്ക് നല്ല രീതിയിൽ മനസ്സിലാക്കി കൊടുക്കാൻ സാധിക്കുന്നു. എപ്പോഴാണോ ആദി സനാതനാ ദേവിദേവതാധർമ്മം ഉണ്ടായത് അപ്പോൾ മറ്റൊരു ധർമ്മങ്ങളും ഉണ്ടായിരുന്നില്ല. വൃക്ഷത്തിന്റെ ചിത്രവും എപ്പോഴും കൂടെ വേണം. വിവിധ ധർമ്മങ്ങളുടെ രഹസ്യം മനസ്സിലാക്കി കൊടുക്കേണ്ടതായുണ്ട്. ആദ്യമാദ്യം ഒരേയൊരു അദ്വൈതധർമ്മമായിരുന്നു. വിശ്വത്തിൽ ശാന്തി, സുഖം പവിത്രതയുണ്ടായിരുന്നു. ബാബയിൽ നിന്നും മാത്രമേ സമ്പത്ത് ലഭിക്കൂ കാരണം ബാബ ശാന്തിയുടെ സാഗരനും സുഖത്തിന്റെ സാഗരനുമല്ലേ. മുമ്പ് നിങ്ങൾക്ക് ഒന്നും തന്നെ അറിഞ്ഞിരുന്നില്ല. ഇപ്പോൾ എങ്ങനെയാണോ ബാബയുടെ ബുദ്ധിയിൽ ഇതെല്ലാം തന്നെയുള്ളത്, അതുപോലെ നിങ്ങളും ആയിത്തീരുന്നു. സുഖത്തിന്റെയും ശാന്തിയുടെയും സാഗരനായി നിങ്ങളും മാറുന്നു. തന്റെ കണക്കുകൾ നോക്കണം– ഏതു കാര്യത്തിലാണ് കുറവുള്ളത്? ഞാൻ പ്രേമത്തിന്റെ സാഗരനാണോ, ആരോടെങ്കിലും ദേഷ്യപ്പെടുന്ന രീതിയിലുള്ള പെരുമാറ്റമുണ്ടോ? സ്വയം തന്റെ മേൽ ദൃഷ്ടി വെക്കണം. ബാബ ആശീർവ്വദിച്ചാൽ ഞാൻ ഇങ്ങനെയായിത്തീരുമെന്ന് ചിന്തിക്കരുത്. അങ്ങനെയല്ല. ബാബ പറയുന്നു ഞാൻ ഡ്രാമ അനുസരിച്ച് തന്റെ സമയത്ത് വന്നിരിക്കുന്നു. എന്റേത് കല്പകല്പത്തിലെ പ്രോഗ്രാമാണ്. ഈ ജ്ഞാനം മറ്റാർക്കും തന്നെ നൽകാൻ സാധിക്കില്ല. സത്യമായ ബാബ, സത്യമായ ടീച്ചർ, സത്ഗുരു ഒരാൾ മാത്രമാണ്. ഇതും പക്കാ നിശ്ചയമുണ്ടെങ്കിൽ നിങ്ങളുടെ വിജയമുണ്ടാകുന്നു. ഇത്രയ്ക്കും അനേക ധർമ്മങ്ങൾ ഏതെല്ലാം തന്നെയുണ്ടോ അതിന്റെയെല്ലാം തന്നെ വിനാശം സംഭവിക്കണം. എപ്പോഴാണോ സത്യയുഗി സൂര്യവംശി രാജധാനിയുണ്ടായിരുന്നത് അപ്പോൾ മറ്റൊരു വംശവും ഉണ്ടായിരുന്നില്ല, ഇനി വീണ്ടും അതുപോലെത്തന്നെ ഉണ്ടാകുന്നു. മുഴുവനും ദിവസം ഇതുപോലെ സ്വയത്തോട് സംസാരിച്ചുകൊണ്ടിരിക്കൂ. ജ്ഞാനത്തിന്റെ പോയിന്റുകൾ ഉള്ളിൽ തറയ്ക്കണം, സന്തോഷമുണ്ടായിരിക്കണം. ബാബയിൽ എന്ത് ജ്ഞാനമാണോ ഉള്ളത് അത് നിങ്ങൾക്ക് ലഭിച്ചു കൊണ്ടിരിക്കുന്നു. അതിനെത്തന്നെ ധാരണ ചെയ്യണം. ഇതിൽ സമയത്തെ ഒരിക്കലും വ്യർത്ഥമാക്കരുത്. രാത്രിയിലും സമയം ലഭിക്കുന്നു. ആത്മാവ് അവയവങ്ങളിലൂടെ കർമ്മങ്ങൾ ചെയ്ത്–ചെയ്ത് ക്ഷീണിക്കുന്നു എന്നു കാണുമ്പോൾ ഉറങ്ങുന്നു. ബാബ നിങ്ങളുടെ ഭക്തിമാർഗ്ഗത്തിലെ എല്ലാ ദുഖങ്ങളും ദൂരീകരിച്ച് അക്ഷീണരാക്കിമാറ്റുന്നു.

എങ്ങനെയാണോ രാത്രിയിൽ ആത്മാവ് ക്ഷീണിക്കുമ്പോൾ ശരീരത്തിൽ നിന്നും വേറെയാകുന്നു, അതിനെ നിദ്ര എന്നു പറയുന്നു. ആരാണ് ഉറങ്ങുന്നത്? ആത്മാവിനോടൊപ്പം കർമ്മേന്ദ്രിയങ്ങളും ഉറങ്ങുന്നു. അപ്പോൾ രാത്രിയിലും ഉറങ്ങുന്ന സമയത്ത് ബാബയെ ഓർമ്മിച്ചു കൊണ്ട് ഇങ്ങനെയുള്ള കാര്യങ്ങൾ ചിന്തിച്ചു വേണം ഉറങ്ങാൻ. അവസാനസമയത്ത് രാത്രിയും പകലും നിങ്ങൾ ഉറക്കത്തെ ജയിക്കുന്നവരായി മാറിയേക്കാം. അപ്പോൾ ഓർമ്മയിലുമിരിക്കുന്നു, വളരെയധികം സന്തോഷത്തിലുമിരിക്കുന്നു. 84 ജന്മത്തിന്റെ ചക്രത്തെ കറക്കി കൊണ്ടിരിക്കും. കോട്ടുവായ് അഥവാ ഉറക്കമൊന്നും തന്നെ വരുകയില്ല. അല്ലയോ ഉറക്കത്തെ ജയിക്കുന്ന കുട്ടികളേ, സമ്പാദ്യത്തിൽ ഒരിക്കലും ഉറങ്ങരുത്. എപ്പോഴാണോ ജ്ഞാനത്തിൽ ലയിക്കുന്നത്, അപ്പോഴെ നിങ്ങളുടെ അവസ്ഥ അതുപോലെയായിത്തീരൂ. ഇവിടെ നിങ്ങൾ കുറച്ച് സമയം ഇരിക്കുമ്പോഴും കോട്ടുവായ് അഥവാ ഉറക്കം വരരുത്. മറ്റു പലവശത്തേക്കും ശ്രദ്ധ പോകുമ്പോഴാണ് ഉറക്കം വരുന്നത്.

നിങ്ങൾ കുട്ടികൾക്ക് ഇത് ശ്രദ്ധയിൽ വെക്കണം നമുക്ക് മറ്റുള്ളവരെയും തനിക്കു സമാനമാക്കി മാറ്റണമെന്ന്. പ്രജകളും ആവശ്യമല്ലേ. ഇല്ലെങ്കിൽ എങ്ങനെ രാജാവായിത്തീരാനാണ്? ജ്ഞാനധനം ദാനം ചെയ്യൂ അതൊരിക്കലും നഷ്ടപ്പെടുത്തരുത്...... മറ്റുള്ളവർക്ക് മനസ്സിലാക്കി കൊടുക്കുകയാണെങ്കിൽ, ദാനം ചെയ്തു കൊണ്ടിരിക്കുകയാണെങ്കിൽ ഒരിക്കലും നശിക്കില്ല. ഇല്ലെങ്കിൽ ശേഖരിക്കപ്പെടുകയില്ല. മനുഷ്യർ വളരെ ദൗർഭാഗ്യശാലികളുമാകാറുണ്ട്. ധനത്തിന്റെ പേരിൽ വളരെയധികം യുദ്ധം ചെയ്യുകയും കലഹിക്കുകയും ചെയ്യുന്നുണ്ട്. ഇവിടെ ബാബ പറയുന്നു ഞാൻ നിങ്ങൾക്ക് ഈ അവിനാശി ജ്ഞാനധനത്തെ നൽകുന്നു. ഇത് നിങ്ങൾ മറ്റുള്ളവർക്ക് നൽകിക്കൊണ്ടിരിക്കൂ. ഇതിൽ ഒരിക്കലും ഭാഗ്യം കെട്ടവരാകരുത്. ദാനം ചെയ്യുന്നില്ലെങ്കിൽ നമ്മളിൽ അതില്ല എന്നാണ് അർത്ഥം. ഈ സമ്പാദ്യത്തിൽ യുദ്ധത്തിന്റെ കാര്യമൊന്നും തന്നെയില്ല. ഇതിനെ ഗുപ്തമെന്നാണ് പറയുക. നിങ്ങൾ ഗുപ്തമായ യോദ്ധാക്കളാണ്. നിങ്ങൾ അഞ്ച് വികാരങ്ങളോടൊപ്പമാണ് യുദ്ധം ചെയ്യുന്നത്. നിങ്ങളെ അജ്ഞാത യോദ്ധാക്കളാണെന്ന് പറയുന്നത്. കാലാൾപട ധാരാളമുണ്ടാകും. ഇവിടെയും അതുപോലെയാണ് പ്രജകളുടെ സംഖ്യ കൂടുതലായിരിക്കും, ബാക്കി ക്യാപ്റ്റനും മേജറുമെല്ലാം തന്നെയുണ്ട്. നിങ്ങൾ സൈനികരിലും നമ്പർവൈസാണ്. ബാബ മനസ്സിലാക്കിത്തരുന്നു ഇത് കമാന്ററാണ്, ഇത് മേജറാണ്. മഹാരഥികളും കുതിരസവാരിക്കാരുമെല്ലാമുണ്ടല്ലോ. ഇതും ബാബയ്ക്കറിയാം മൂന്നു പ്രകാരത്തിൽ മനസ്സിലാക്കി കൊടുക്കുന്നവരുണ്ട്. നിങ്ങൾ അവിനാശി ജ്ഞാനരത്നങ്ങളുടെ വ്യാപാരമാണ് ചെയ്തുകൊണ്ടിരിക്കുന്നത്. മറ്റുള്ളവരും വ്യാപാരമാണ് പഠിപ്പിച്ചു കൊടുക്കുന്നത്, ഗുരുക്കന്മാർ പോകുമ്പോൾ അതിനു പിന്നാലെ ശിഷ്യഗണങ്ങളും പോകുന്നു. അത് സ്ഥൂലമായതാണ്, ഇത് സൂക്ഷ്മമായ കാര്യങ്ങളും. അനേക പ്രകാരത്തിലുള്ള ധർമ്മങ്ങളുണ്ട്. ഓരോരുത്തർക്കും അവനവന്റേതായ മതമുണ്ട്. നിങ്ങൾക്കും പോയി അവരുടെത് കേൾക്കാൻ സാധിക്കും – അവർ എന്താണ് കേൾപ്പിക്കുന്നത്, എന്തെല്ലാമാണ് പഠിപ്പിച്ചു കൊടുക്കുന്നത്. ബാബ നിങ്ങൾക്ക് 84 ജന്മങ്ങളുടെ കഥയാണ് മനസ്സിലാക്കിത്തരുന്നത്. നിങ്ങൾ കുട്ടികൾക്ക് തന്നെയാണ് ബാബ വന്ന് സമ്പത്ത് നൽകുന്നത്, ഇതും ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്. ഇപ്പോൾ കലിയുഗം അവസാനം വരെയ്ക്കും ആത്മാക്കൾ വന്നുകൊണ്ടിരിക്കുന്നു, വൃദ്ധിപ്രാപിച്ചുകൊണ്ടിരിക്കുന്നു. ഏതുവരെ ബാബ ഇവിടെയുണ്ടോ സംഖ്യ വർദ്ധിച്ചുകൊണ്ടേയിരിക്കും, പിന്നീട് ഇത്രയ്ക്കും ആളുകൾ എവിടെയാണ് വസിക്കുക, എവിടെ നിന്നാണ് കഴിക്കുക? എല്ലാത്തിന്റെയും കണക്ക് വെക്കണമല്ലോ. അവിടെ ഇത്രയ്ക്കും മനുഷ്യർ ഉണ്ടാകുന്നില്ല. കഴിക്കുന്നത് വളരെ കുറച്ചായിരിക്കും, എല്ലാവർക്കും അവരവരുടേതായ കൃഷി സ്ഥലമുണ്ടാകും. ധാന്യങ്ങളെ എടുത്തു വെച്ച് എന്തു ചെയ്യാനാണ്? ഇവിടെ ചെയ്യുന്നതുപോലെ അവിടെ മഴയ്ക്കു വേണ്ടി യജ്ഞമൊന്നും രചിക്കേണ്ടതായി വരില്ല. ഇപ്പോൾ ബാബ യജ്ഞം രചിച്ചു. മുഴുവൻ പഴയ ലോകവും യജ്ഞത്തിൽ സ്വാഹാ ആയിത്തീരുന്നു. ഇത് പരിധിയില്ലാത്ത യജ്ഞമാണ്. മറ്റുള്ള മനുഷ്യർ മഴയ്ക്കു വേണ്ടി പരിധിയ്ക്കുള്ളിലുള്ള യജ്ഞം രചിക്കുന്നു. മഴ പെയ്താൽ സന്തോഷമാകും യജ്ഞം സഫലമായി എന്നു വിചാരിക്കും. മഴ പെയ്തില്ലെങ്കിൽ ധാന്യങ്ങളൊന്നും തന്നെ ഉണ്ടാവില്ല, ദാരിദ്ര്യമായിരിക്കും. യജ്ഞം രചിക്കുന്നുണ്ടെങ്കിലും, മഴ പെയ്യുന്നില്ലെങ്കിൽ എന്തു ചെയ്യാനാണ്? ആപത്തുകൾ വരുകതന്നെ ചെയ്യും. മിസൈലുകളുടെ മഴയും ഭൂകമ്പവും എല്ലാം തന്നെ സംഭവിക്കണം. നിങ്ങൾ കുട്ടികൾ ഡ്രാമയുടെ ചക്രത്തെക്കുറിച്ച് മനസ്സിലാക്കി. ഈ സൃഷ്ടി ചക്രത്തിന്റെ ചിത്രവും വളരെ വലുതായിരിക്കണം. ഇതിന്റെ പരസ്യം വലിയ വലിയ സ്ഥാനങ്ങളിൽ വെക്കുകയാണെങ്കിൽ വലിയ ആളുകൾ പഠിക്കും. മനസ്സിലാക്കിക്കോളും ഇത് പുരുഷോത്തമ സംഗമയുഗമാണെന്ന്. കലിയുഗത്തിൽ ധാരാളം മനുഷ്യരുണ്ട്. സത്യയുഗത്തിൽ കുറച്ച് മനുഷ്യരെ ഉണ്ടാകൂ. അപ്പോൾ ബാക്കിയുള്ളവർ മുഴുവനും നശിക്കുന്നു. ശിവജയന്തി അർത്ഥം സ്വർഗ്ഗജയന്തി, ലക്ഷ്മി–നാരായണന്റെ ജയന്തിയാണ്. കാര്യം വളരെയധികം സഹജമാണ്. ശിവജയന്തി ആഘോഷിക്കാറുണ്ട്. ബാബ പരിധിയില്ലാത്ത അച്ഛനാണ്, ബാബ തന്നെയാണ് സ്വർഗ്ഗത്തെ സ്ഥാപിച്ചിരുന്നത്. ഇത് ഇന്നലത്തെ കാര്യമാണ്, നിങ്ങൾ സ്വർഗ്ഗവാസിയായിരുന്നു. ഇത് വളരെയധികം സഹജ

മായ കാര്യമാണ്. കുട്ടികൾക്ക് നല്ല രീതിയിൽ മനസ്സിലാക്കി, പിന്നീട് മനസ്സിലാക്കി കൊടുക്കണം. സന്തോഷത്തിലും ഇരിക്കണം. ഇപ്പോൾ നമ്മൾ സദാ കാലത്തേക്ക് അസുഖത്തിൽ നിന്നും മുക്തമായി 100% ആരോഗ്യശാലിയും സമ്പന്നരുമായി മാറുകയാണ്. ബാക്കി കുറച്ചു സമയം മാത്രമേയുള്ളൂ. എത്ര തന്നെ ദുഖവും മരണവും സംഭവിച്ചാലും നിങ്ങൾ ആ സമയത്ത് സദാ സന്തോഷത്തിലിരിക്കുന്നു. നിങ്ങൾക്കറിയാം മരണം സംഭവിക്കുക തന്നെ വേണമെന്ന്. ഇത് കല്പകല്പത്തിലെ കളിയാണ്. ചിന്തയുടെ കാര്യമൊന്നും തന്നെയില്ല. ആരാണോ പക്കാ ആയുള്ളവർ അവർ ഒരിക്കലും അയ്യോ-അയ്യോ എന്ന് നിലവിളിക്കില്ല. മനുഷ്യർ ആരുടെയെങ്കിലും ഓപ്പറേഷൻ കാണുകയാണെങ്കിൽ തലകറങ്ങി വീഴുന്നു. ഇനി എത്ര വലിയ മരണമാണ് സംഭവിക്കാൻ പോകുന്നത്. നിങ്ങൾ കുട്ടികൾക്കറിയാം ഇതെല്ലാം തന്നെ സംഭവിക്കണമെന്ന്. ഇങ്ങനെ പറയാറുണ്ട് എലിക്ക് പ്രാണവേദന പൂച്ചക്ക് വിളയാട്ടം........ ഈ പഴയ ലോകത്തിൽ ധാരാളം ദുഖം സഹിച്ചു ഇനി പുതിയ ലോകത്തേക്ക് പോകണം. ശരി.

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും  പുലർകാല വന്ദനവും  ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക്  നമസ്കാരം

## ധാരണയ്ക്കുള്ള മുഖ്യമായ സാരം -

1. ബാബയിൽ നിന്നും അവിനാശി ധനം നേടി മറ്റുള്ളവർക്ക് ദാനം ചെയ്യണം. ജ്ഞാനധനത്തെ ദാനം ചെയ്യുന്നതിൽ ഭാഗ്യം കെട്ടവരാകരുത്. ജ്ഞാനത്തിന്റെ പോയിന്റുകൾ ഉള്ളിൽ ഇറ്റിറ്റുകൊണ്ടിരിയ്ക്കണം. രാജാവാകുന്നതിനു വേണ്ടി തീർച്ചയായും പ്രജകളെ തയ്യാറാക്കണം.

2. തന്റെ കണക്ക് നോക്കണം - 1) ഞാൻ ബാബയ്ക്ക് സമാനം സ്നേഹത്തിന്റെ സഗരനായിമാറിയോ? (2) ഒരിക്കലും ആരോടും ദേഷ്യപ്പെടുന്നില്ലല്ലോ? (3) തന്റെ പെരുമാറ്റത്തിനുമേൽ പൂർണ്ണ ശ്രദ്ധയുണ്ടോ?

## വരദാനം - ജ്ഞാനത്തോടൊപ്പം ഗുണങ്ങളും പ്രത്യക്ഷമാക്കി സർവഗുണസമ്പന്നരായി മാറുന്ന ഗുണ മൂർത്തികളായി ഭവിക്കൂ.

ഓരോരുത്തരിലും ജ്ഞാനം ധാരാളം ഉണ്ട് , എന്നാൽ ഇപ്പോൾ ഗുണങ്ങൾ പ്രത്യക്ഷമാക്കേണ്ടത് ആവശ്യമാണ്, അതിനാൽ വിശേഷ കർമ്മങ്ങളിലൂടെ ഗുണദാതാവായി മാറൂ. എനിക്ക് സദാ ഗുണമൂർത്തിയായി എല്ലാവരേയും ഗുണമൂർത്തികളാക്കുന്ന കർത്തവ്യത്തിൽ തൽപ്പരനായിരിക്കണം എന്ന സങ്കൽപ്പം ചെയ്യൂ. ഇതിലൂടെ വ്യർത്ഥം കാണുന്നതിനും, കേൾക്കുന്നതിനോ ചെയ്യുന്നതിനോ സമയം ലഭിക്കില്ല. ഈ വിധിയിലൂടെ സ്വയത്തിന്റെ അല്ലെങ്കിൽ സർവരുടെയും ദൗർബല്യങ്ങൾ സഹജമായി സമാപ്തമാകുന്നു. അതിനാൽ ഈ കാര്യത്തിൽ ഓരോരുത്തരും സ്വയം നിമിത്ത നമ്പർ വൺ എന്ന് മനസിലാക്കി സർവഗുണ സമ്പന്നരാകുന്നതിനും ആക്കുന്നതിലും മാതൃകയാകൂ.

## സ്ലോഗൻ - മനസിലൂടെ യോഗദാനവും, വാക്കുകളിലൂടെ ജ്ഞാനധനവും, കർമ്മങ്ങളിലൂടെ ഗുണ ദാനവും ചെയ്യൂ.